# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.12 | 09/03/2015 ൽ മറുപടിക്ക് |
|---|---|

### ബാർകോഴ കേസന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.ദാസൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) | |
| (എ) | ബാർകോഴ കേസന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ;ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയതാണ് അന്വേഷണസംഘം;കുറ്റവാളികളായി രേഖാമൂലം ആരോപിതരായ ഏതെല്ലാം മന്ത്രിമാർ തൽസ്ഥാനങ്ങളിൽ ഇപ്പോഴും തുടരുന്നുണ്ട്; | (എ) | ബാർകോഴ കേസ് അന്വേഷണഘട്ടത്തിലാണ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1-ലെ പോലീസ് സൂപ്രണ്ട് ആർ. സുകേശന്റെ നേതൃത്വത്തിൽ അതേ യൂണിറ്റിലെ തെരഞ്ഞെടുക്കപ്പെട്ട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരെയും ഇൻസ്പെക്ടർമാരെയും ഉൾപ്പെടുത്തിയാണ് അന്വേഷണ സംഘം രൂപീകരിച്ചിട്ടുള്ളത്. മന്ത്രി ശ്രീ. കെ.എം. മാണിയെ പ്രതിയാക്കി ആണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ശ്രീ.കെ.എം. മാണി ഇപ്പോഴും തൽസ്ഥാനത്ത് തുടരുന്നു. |
| (ബി) | ബാർ ഉടമകളിൽ നിന്ന് പിരിച്ചെടുത്തതായി പറയപ്പെടുന്ന തുക എത്രയാണെന്ന് കണ്ടെത്തുകയുണ്ടായോ; ഇതുമായി ബന്ധപ്പെട്ട് പുറത്തുവന്നതും അല്ലാത്തതുമായ രേഖകളെല്ലാം അന്വേഷണ സംഘം കസ്റ്റഡിയിലെടുത്തിട്ടുണ്ടോ; | (ബി) | കേസന്വേഷണം അന്വേഷണഘട്ടത്തിലാണ് കേസുമായി ബന്ധപ്പെട്ട രേഖകൾ ബന്തവസിൽ എടുത്തുവരുന്നു. മറ്റുവിശദവിവരങ്ങൾ ഈ സമയം വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (സി) | ഇതിനകം ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി; അവശേഷിക്കുന്നവർ എത്ര ; ഏതെല്ലാം കേന്ദ്രങ്ങൾ റെയ്ഡ് നടത്തി രേഖകൾ കൈവശപ്പെടുത്തുകയുണ്ടായി; | (സി) | 30-ൽപ്പരം സാക്ഷികളെ ചോദ്യം ചെയ്തുകഴിഞ്ഞു. കൂടുതൽ സാക്ഷികളെ ചോദ്യം ചെയ്യാനുണ്ട്. കേസുമായി ബന്ധപ്പെട്ട മറ്റുവിവരങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഡി) | ആർക്കെല്ലാം എതിരായിട്ടാണ് ഇതിനകം കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത് ; ഇതിൽ എത്ര മന്ത്രിമാരുണ്ട് ; പ്രാഥമിക പരിശോധനയിൽ ആർക്കെല്ലാമെതിരെ, എന്തെല്ലാം തെളിവുകൾ ശേഖരിക്കപ്പെട്ടിരുന്നു; | (ഡി) | മന്ത്രി ശ്രീ. കെ.എം. മാണിയ്ക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരുന്നു. മറ്റു കാര്യങ്ങൾ അന്വേഷണാവസ്ഥയിലുള്ള കേസിനെക്കുറിച്ച് ഈ ഘട്ടത്തിൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഇ) | അന്വേഷണത്തിനിടയിൽ കോഴപ്പണം വാങ്ങിയവരും കൊടുത്തവരും തമ്മിൽ ഒത്തുതീർപ്പുണ്ടാക്കിയതായ ആക്ഷേപം അന്വേഷണ സംഘം പരിശോധിക്കുകയുണ്ടായോ ? | (ഇ) | അന്വേഷണഘട്ടത്തിലുള്ള കേസിലെ വിശദവിവരങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ